**പതിമൂന്നാം കേരളനിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.670** **11/06/2014-ൽ മറുപടിക്ക്**

# ക്യാൻസർ രോഗം തടയുന്നതിന് നടപടി

**ചോദ്യം** **മറുപടി**

**ശ്രീ. വി. ചെന്താമരാക്ഷൻ** **ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം ദിനം പ്രതി വർദ്ധിച്ച് വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ക്യാൻസർ രോഗം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ; | (എ) | സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്യാൻസർ രോഗം നിയന്ത്രിക്കുന്നതിനായി നിരന്തരമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ ആർ.സി.സി. നടത്തുന്നുണ്ട്. ആർ.സി.സി.യുടെ കമ്മ്യൂണിററി ഓങ്കോളജി വിഭാഗത്തിൻെറ ആഭിമുഖ്യത്തിൽ ആഴ്ചയിൽ മൂന്നുദിവസം സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിൽ ബോധവൽക്കരണ ക്ളാസ്സുകളും, ക്യാൻസർ നിർണ്ണയ ക്യാംപുകളും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ പത്രമാസികകൾ മററ് പ്രസിദ്ധീകരണങ്ങൾ, ആകാശവാണി, ദൂരദർശൻകേന്ദ്രം. സ്വകാര്യ ടി.വി. ചാനലുകൾ എന്നിവ വഴി ബോധനപ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കൂടാതെ എറണാകുളം, പാലക്കാട് എന്നി ജില്ലകളിൽ ക്യാൻസർ രോഗ നിർണ്ണയത്തിനായി ആർ.സി.സി.യുടെ കീഴിൽ ഏർളി ക്യാൻസർ ഡിററക്ഷൻ സെൻററുകൾ (ECDC) പ്രവർത്തിച്ചു വരുന്നുണ്ട്. ഇതു കൂടാതെ കണ്ണൂർ, പത്തനംതിട്ട, കൊല്ലം, എന്നിവിടങ്ങളിലും ആർ.സി.സി.യുടെ മേൽനോട്ടത്തിൽ ECDC-കൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ ഗവൺമെൻറ് മെഡിക്കൽ കോളേജുകളിലും കാൻസർചികിൽസാ സൗകര്യങ്ങളും മറ്റ് രോഗ നിയന്ത്രണ സൗകര്യങ്ങളും നിലവിലുണ്ട്.<br>മലബാർ കാൻസർ സെന്ററിന്റെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ കീഴിൽ കാൻസർ ബോധവൽക്കരണത്തിനും, കാൻസർ നിയന്ത്രണത്തിന്റെയും ഭാഗമായി ധാരാളം ക്ലാസ്സുകളും, ക്യാമ്പുകളും നടത്തിവരുന്നുണ്ട്. കൂടാതെ കാൻസർ കെയർ പദ്ധതിയുടെ കീഴിൽ സർക്കാർ ഉത്തരവ് പ്രകാരം മലബാർ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഡോക്ടർമാർക്കും, നഴ്സുമാർക്കും കാൻസർ ചികിത്സയ്ക്കുള്ള പരിശീലനം എം.സി.സി നൽകിവരുന്നു. എല്ലാ ജില്ലകളിലേയും ആശുപത്രികളിൽ തുടർ കീമോതെറാപ്പി ചികിത്സ നൽകാൻ കഴിയുന്ന തരത്തിലാണ് പ്രസ്തുത പരിശീലന പരിപാടി വിഭാവനം ചെയ്തിരിക്കുന്നത്. ഇത് കൂടാതെ കാസറകോട്, വയനാട്,കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വിവിധ ആശുപത്രികളുമായി ടെലിമെഡിസിൻ വഴിയുള്ള ചികിത്സാ പദ്ധതികളും, ആരോഗ്യ തുടർവിദ്യാഭ്യാസ പരിപാടികളും നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ക്യാൻസർ രോഗ ചികിത്സയ്ക്കുള്ള ചെലവ് സാധാരണക്കാർക്ക് താങ്ങാൻ കഴിയാത്തതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | കാൻസർ രോഗ ചികിത്സ ചെലവേറിയതാണ്. |
| (സി) | നിർധനരായ ക്യാൻസർ രോഗികളുടെ ചികിത്സാ ചെലവ് സമ്പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം നൽകുമോ ? | (സി) | നിർധനരായ ക്യാൻസർ രോഗികളുടെ ചികിത്സാ ചെലവ് സമ്പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുന്ന കാര്യം തത്കാലം പരിഗണനയിലില്ല. എന്നാൽ ഇക്കാര്യത്തിൽ സർക്കാർ ഒട്ടനവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ കാൻസർ രോഗികൾക്കായി പ്രതിമാസം 800/- രൂപ നിരക്കിൽ സാമ്പത്തിക സഹായം നോൺപ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നൽകുകയുണ്ടായി. കാൻസർ രോഗബാധിതരുടെ ചികിത്സാ ചിലവ് റീ-ഇംബേഴ്സ് ചെയ്യുന്നതിനുള്ള ഒരു പദ്ധതിയും പദ്ധതി വിഹിതത്തിൽ ഉൾക്കൊള്ളിച്ച് ആരോഗ്യ വകുപ്പ് നടപ്പിലാക്കുകയുണ്ടായി. ഇതിനു പുറമേ സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പുവർ എന്ന പദ്ധതിയിലൂടെ കാൻസർ രോഗികൾക്ക് ധനസഹായം നൽകി വരുന്നു. കൂടാതെ കാരുണ്യ, ആർ.എസ്.ബി.വൈ., ചിസ് പ്ലസ്, എന്നീ ഇൻഷുറൻസ് പദ്ധതികൾ മുഖേനയും കാൻസർ ചികിത്സയ്ക്കുള്ള സഹായം ലഭ്യമാക്കുന്നുണ്ട്. ആർ.സി.സി.യിൽ ചികിത്സയ്ക്ക് എത്തുന്ന രോഗികളെ അവരുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് അർഹതയുള്ളവർക്ക് സൗജന്യ നിരക്കിൽ രോഗ നിർണ്ണയ ചികിത്സാ സൗകര്യങ്ങൾ നൽകി വരുന്നു. കാൻസർ ചികിത്സയ്ക്ക് ആവശ്യമായ മരുന്നുകൾ മരുന്നു കമ്പനികളിൽ നിന്നും നേരിട്ട് സംഭരിച്ച് പരമാവധി വില കുറച്ച് ആർ.സി.സി.യിൽ നിന്നും നൽകുന്നുണ്ട്. മലബാർ കാൻസർ സെന്ററിലും പരമാവധി കുറഞ്ഞ വിലയ്ക്കാണ് കാൻസർ മരുന്നുകൾ രോഗികൾക്ക് നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ